# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1122 06.06.2018 -ലെ മറുപടി

## കവ്വായി കായലിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.രാജഗോപാലൻ | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജല വിഭവവകുപ്പിന്റെ കീഴിലുള്ള ഐ.ഡി. ആർ. ബി.-യിൽ ഡി.പി.ആർ.തയ്യാറാക്കാൻ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വിവിധ പ്രവൃത്തികളുടെ ഡിസൈൻ തയ്യാറാക്കുക മാത്രമാണ് ഐ.ഡി.ആർ.ബി ചെയ്തു വരുന്നത്. ഡി.പി.ആർ തയ്യാറാക്കുന്നില്ല. |
| (ബി) ടൂറിസം മേഖലയായ മലബാർ പ്രദേശത്തെ കവ്വായി കായലിലും അനുബന്ധ കേന്ദ്രങ്ങളിലും നടത്താൻ തീരുമാനിച്ച വികസന പ്രവർത്തനങ്ങൾ ഇതുമൂലം തടസ്സപ്പെട്ടുവരുന്നത് പരിഹരിക്കാൻ ജലവിഭവ വകുപ്പ് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) മലബാർ റിവർ ടൂറിസം പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ 14 സ്ഥലങ്ങളിലും കാസർഗോഡ് ജില്ലയിലെ 3 സ്ഥലങ്ങളിലും ഉൾപ്പെടെ 17 ടൂറിസം ബോട്ടുജെട്ടികൾക്ക് ടൂറിസം വകുപ്പിൽ നിന്നും ഭരണാനുമതി ലഭിക്കുകയും ടി പ്രവൃത്തികളുടെ നിർമ്മാണം ഇൻലാൻഡ് നാവിഗേഷൻ വിഭാഗത്തിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ രണ്ട് പ്രവൃത്തികൾ (പഴയങ്ങാടി,പറശ്ശിനിക്കടവ്) പുരോഗമിക്കുന്നു. മൂന്ന് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. രണ്ട് പ്രവൃത്തികളുടെ മണ്ണ് പരിശോധന പൂർത്തീകരിച്ച് സ്ട്രക്ചറൽ ഡിസൈനു (Structural design) വേണ്ടി ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബിയ്ക്ക് നൽകിയിട്ടുണ്ട്. പത്ത് പ്രവൃത്തികളുടെ മണ്ണ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ഫലം ലഭിച്ചാലുടൻ സ്ട്രക്ചറൽ ഡിസൈന് വേണ്ടി ചീഫ് |

എഞ്ചിനീയർ ഐ.ഡി.ആർ.ബിയ്ക്ക് നൽകുന്നതാണ്.

മുൻകാലങ്ങളിൽ കവ്വായി കായലിൽ മണ്ണ് പരിശോധന ഇല്ലാതെ പ്രികാസ്റ്റ് കോൺക്രീറ്റ് പൈൽ (precast concrete pile) ഉപയോഗിച്ച് ഫൗണ്ടേഷൻ (foundation) ചെയ്ത് ബോട്ട് ജെട്ടി (Boat jetty) കളിൽ ചിലതിന് ഫൗണ്ടേഷൻ തകർച്ച വന്നതായി കണ്ടതിനാൽ, മണ്ണ് പരിശോധനയും അത് പ്രകാരമുള്ള ഡിസൈനും അനിവാര്യമാണ്.

ആയതിനാൽ ഇക്കാര്യത്തിൽ ഐഡിആർബി ഉൾപ്പെടെയുള്ള ഓഫീസുകളിൽ കാലതാമസം വരുന്നില്ല. മണ്ണ് പരിശോധനാ ഫലം എത്രയും പെട്ടെന്ന് ലഭ്യമാക്കി പണിപൂർത്തിയാക്കുവാനുള്ള അടിയന്തിര നടപടികൾ ജലവിഭവ വകുപ്പ് സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ